പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *799 24.07.2012 ൽ മറുപടിയ്ക്ക്

ടൈം ഓഫ് ഡേ മീറ്റർ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.എ.ബേബി<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ.വി.വിജയദാസ് | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ഉപഭോക്താക്കൾക്ക് ടൈം ഓഫ് ഡേ മീറ്റർ നല്കാൻ തീരുമാനിച്ചിട്ടുണ്ടോ;<br>(ബി) എങ്കിൽ ഇതിന് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുമതി നല്കിയിട്ടുണ്ടോ; | (എ) & (ബി) | സംസ്ഥാനത്ത് എച്ച്.റ്റി/ ഇ.എച്ച്.റ്റി വിഭാഗം ഉപഭോക്താക്കൾക്കും ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കും (ഓപ്ഷണലായി) ടി.ഓ.ഡി. താരിഫ് സമ്പ്രദായം നിലവിലുണ്ട്. ഇതിന് അനുയോജ്യമായ മീറ്ററുകൾ ഉപഭോക്താക്കൾ തന്നെ സ്വന്തം ചെലവിൽ വാങ്ങി സ്ഥാപിക്കേണ്ടതാണ്. ടി ഉപഭോക്താക്കൾക്ക് മീറ്ററുകൾ വാങ്ങി നൽകാൻ തീരുമാനമൊന്നും തന്നെ എടുത്തിട്ടില്ല.<br>കൂടാതെ '10' കിലോ വാട്ടിനു മുകളിൽ കണക്റ്റഡ് ലോഡുള്ള എല്ലാ ചെറുകിട ഉപഭോക്താക്കൾക്കും ( ലോ ടെൻഷൻ) ടി.ഓ.ഡി. സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശാനുസരണം കമ്മീഷനു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |

[...2]

| | | | |
|---|---|---|---|
| (സി) | ടി.ഒ.ഡി.മീറ്ററുകൾ സ്ഥാപിക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്;വ്യക്തമാക്കാമോ; | (സി) | ഉപഭോക്താക്കളുടെ വൈദ്യുതി ഉപയോഗ സമയക്രമമനുസരിച്ച് വ്യത്യസ്തങ്ങളായ താരിഫ് ഈടാക്കുന്നതാണ് ടി.ഓ.ഡി. താരിഫ് സമ്പ്രദായം കൊണ്ട് ഉദ്ദേശിക്കുന്നത്. നിലവിൽ വൈകുന്നേരം '6' മണി മുതൽ രാത്രി '10' മണിവരെ (പീക്ക് സമയം) യുള്ള വൈദ്യുതിയുടെ ആവശ്യകത, രാത്രി '10'മണി മുതൽ പിറ്റേദിവസം '6'മണിവരെ (ഓഫ് പീക്ക് സമയം)യുള്ള ആവശ്യകതയുടെ ഏകദേശം രണ്ടിരട്ടിയോളമാണ്. കൂടാതെ പീക്ക് സമയത്തെ വൈദ്യുതിയുടെ ലഭ്യത വളരെ കുറവും, വില വളരെ ഉയർന്നതുമാണ്. ടി കാരണങ്ങളാൽ പീക്ക് സമയത്ത് ഉയർന്ന നിരക്ക് ഏർപ്പെടുത്തുക വഴി ഉപഭോഗം പരമാവധി കുറയ്ക്കുന്നതിനും വൈദ്യുതി വില താരതമ്യേന കുറവുള്ള ഓഫ് പീക്ക് സമയത്ത്, വൈദ്യുതി വിലയിൽ ഇളവുകൾ അനുവദിക്കുക വഴി ആ സമയത്തെ വൈദ്യുത ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ടി.ഓ.ഡി. താരിഫ് ഏർപ്പെടുത്തിയതുമൂലം കഴിഞ്ഞിട്ടുണ്ട്. ഇതുവഴി ബോർഡിലെ പീക്ക്/ ഓഫ് പീക്ക് ഉപയോഗ അനുപാതം കുറയ്ക്കുന്നതിനും അതുവഴി പീക്ക് സമയത്തെ വൈദ്യുതിയുടെ വാങ്ങൽ കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രസ്തുത മീറ്റർ നിർമ്മിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; | (ഡി) & (ഇ) | കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ ഇതിനുള്ള സംവിധാനം നിലവിലുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |
| (ഇ) | ഉണ്ടെങ്കിൽ ഇവിടങ്ങളിൽ ഈ മീറ്റർ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം നല്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |

[...3

| | | | |
|---|---|---|---|
| (എഫ്) | ടി.ഒ.ഡി മീറ്റർ വാങ്ങുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ? | (എഫ്) | 2008-09 സാമ്പത്തിക വർഷം മുതൽ ത്രീ ഫെയ്സ് എനർജി ടി.ഓ.ഡി. മീറ്ററുകൾ വാങ്ങി വരുന്നു. |

സെക്ഷൻ ഓഫീസർ